കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-തിരുവനന്തപുരം കോർപ്പറേഷനിൽ രണ്ടാംഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന ശ്രീ.ബി. നോഹയ്ക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച്-ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ റ്റി.എ നം.854/13 മേലുള്ള 25.02.2015 ലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം.1804/2016/തസ്വഭവ. തീയതി:30/05/2016, തിരുവനന്തപുരം,

പരാമർശം : 1) ശ്രീ.ബി .നോഹയുടെ 05.01.2015 ലെ അപേക്ഷ.
2) റ്റി.എ -854/13 മേലുള്ള ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ25.02.2015 ലെ ഉത്തരവ്
3).നഗരകാര്യ ഡയറക്ടറുടെ 23.4.2015 ലെ വി1-8183/98 നം.കത്ത്

## ഉത്തരവ്

തിരുവനന്തപുരം നഗരസഭയുടെ പരിധിയിലുള്ള തിരുമല സർക്കിളിൽ രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടറായി സേവനമനുഷ്ഠിച്ച വരവെ ,കൈക്കൂലി വാങ്ങി എന്ന കാരണത്താൽ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്യപ്പെട്ട ശ്രീ.ബി.നോഹയ്ക്ക് പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന ടിയാന്റെ പരാമർശം(1) ലെ അപേക്ഷയിന്മേൽ,പ്രസ്തുത ആനുകൂല്യം ടിയാന് അനുവദിക്കുന്ന കാര്യം പരാതിക്കാരനെ നേരിൽ കേട്ട്,ഉത്തരവ് ലഭിച്ച് മൂന്ന് മാസത്തിനുള്ളിൽ നിയമപരമായ നടപടി സ്വീകരിക്കുവാൻ പരാമർശം(2) പ്രകാരം ഉത്തരവായിരുന്നു.

പരാമർശം(2) പ്രകാരമുള്ള ഉത്തരവിന്റ അടിസ്ഥാനത്തിൽ പരാതിക്കാരനെ നേരിൽ കേൾക്കുകയുണ്ടായി.സർവ്വീസ് കാലയളവിൽ ചെയ്ത കുറ്റത്തിന്, സർവ്വീസിൽ നിന്ന് വിരമിച്ചതിന് ശേഷമാണ് ബഹു.കോടതിയുടെ ശിക്ഷാവിധി നടപ്പിൽ വന്നതെന്നും വകുപ്പ് തല ശിക്ഷാ നടപടിയ്ക്ക് വിധേയനായിട്ടില്ലാത്തതിനാൽ സസ്പെൻഷൻകാലയളവ് കൂടി ഡ്യൂട്ടിയായി ക്രമീകരിച്ച് സർവ്വീസിന് ആനുപാതികമായി പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന് പരാതിക്കാരൻ ബോധിപ്പിച്ചു.

തിരുവനന്തപുരം നഗരസഭയിൽ സെക്കന്റ് ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന ശ്രീ.ബി.നോഹയെ 200/-രൂപ കൈക്കൂലി വാങ്ങി എന്ന കുറ്റാരോപണത്തിന്റെ പേരിൽ തിരുവനന്തപുരം നഗരസഭാ സെക്രട്ടറി,12/2/98 മുതൽ സസ്പെന്റ് ചെയ്തിരുന്നുവെന്നും റിട്ടയർ ചെയ്യേണ്ട 31.03.2001 വരെ ടിയാൻ സസ്പെൻഷനിൽ തുടർന്നു വരികയായിരുന്നുവെന്നും പരാമർശം(3) പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ശ്രീ.ബി.നോഹയെ വിജിലൻസ് കേസിനെ തുടർന്നാണ് സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്തിട്ടുള്ളത്.ടി കേസിലെ കോടതി വിധിയിൽ ടിയാൾ ശിക്ഷിക്കപ്പെട്ടുകയും ചെയ്തു.ആയതിനാൽ ടിയാളുടെ സസ്പെൻഷൻ തികച്ചും ന്യായീകരിക്കത്തക്കതാണ്.ഈ സാഹചര്യത്തിൽ ശ്രീ.ബി.നോഹയുടെ 12.02.1998 മുതൽ 31.03.2001 വരെയുള്ള സസ്പെൻഷൻ കാലം ടി കാലയളവിലെ ശമ്പളവും അലവൻസുകളും

ഉപജീവന ബത്തയിൽ പരിമിതിപ്പെടുത്തി, ടി കാലയളവ് പെൻഷന് മാത്രം ഡ്യൂട്ടിയായി കണക്കാക്കി ക്രമീകരിച്ച് കൊണ്ട്, ടിയാളുടെ സർവ്വീസിന് ആനുപാതികമായി പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം(2)ലെ ഉത്തരവ് ഇപ്രകാരം നടപ്പിലാക്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബിനുകുമാർ.വി

അണ്ടർ സെക്രട്ടറി

നഗര കാര്യ ഡയറക്ടർ ,തിരുവനന്തപുരം .

സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ.

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

ശ്രീ.ബി.നോഹ,കൃപ നിവാസ്,റ്റി.സി.20/67-1

മേലാന്നൂർ,കരമന .പി.ഒ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ.